# കേരളത്തിനുമുമ്പേ കർണാടകത്തിന്‍െറ നീര വരുന്നു

**ന്യൂഡൽഹി:** കേരകർഷകരെ രക്ഷിക്കാൻ തേങ്ങയുടെ മൂല്യവർധിത ഉത്പന്നങ്ങൾ വിപണിയിലിറക്കണമെന്ന് കേന്ദ്രം കുറേക്കാലമായി ആവശ്യപ്പെടുന്നുണ്ടെങ്കിലും കേരളം ഇക്കാര്യത്തിൽ വളരെ പിന്നിലാണ്. അയൽസംസ്ഥാനങ്ങളായ കർണാടകവും തമിഴ്നാടും മൂല്യവർധിത ഉത്പന്നങ്ങളിലേക്ക് തിരിഞ്ഞുകഴിഞ്ഞു. നാളികേരവികസന ബോർഡിന്‍െറ സഹായത്തോടെ കർണാടകത്തിന്‍െറ 'നീര' അടുത്തമാസം വിപണിയിലിറങ്ങും. കേരളത്തിലാകട്ടെ 'നീര' ഉത്പാദിപ്പിക്കാൻ സംസ്ഥാന സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടില്ല.